LIBRARY ARCHIVES Kerala Legislative Assembly

ശമ്പള പരിഷ്കരണം

63 (1887) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം, കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

ശമ്പള കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതി പഠിച്ച് വരികയാണ്. ശമ്പള പരിഷ്കരണം കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിനായി 3-12-2015-ൽ സമിതി യോഗം ചേരുന്നുണ്ട്.

ശമ്പള പരിഷ്കരണം

64 (1888) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള പരിഷ്കരണ നടപടികൾ മന്ത്രിസഭാ ഉപസമിതി പഠിച്ചുകഴിഞ്ഞുവോ ;

(ബി) ഇല്ലെങ്കിൽ സമയബന്ധിതമായി ഈ നടപടി പൂർത്തീകരിക്കുമോ ;

(സി) ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതു സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(ഡി) ശമ്പള പരിഷ്കരണ നടപടി 2015-ൽ തന്നെ നടപ്പിലാക്കി, ഉക ജീവനക്കാർക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ശമ്പള കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. ഉപസമിതിയുടെ ഒരു യോഗം 3-12-2015-ൽ കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ശമ്പള കമ്മീഷൻ വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയാണ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. സർക്കാർ തലത്തിൽ ചർച്ച നടത്തിയിട്ടില്ല.

(ഡി) ഇക്കാര്യം മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്.

കേരള സംസ്ഥാന സംരംഭക മിഷൻ

65 (T1889) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംരംഭക വികസന മിഷന്റെ ഗുണഭോക്താക്കളായി എത്ര പേർ ഉണ്ടെന്നും എത്ര ഉക ആയതിലേക്കായി ലഭ്യമാക്കിയിട്ടുണ്ടെന്നും ജില്ല തിരിച്ച വാർഷികാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

സംരംഭക വികസന മിഷന്റെ ഗുണഭോക്താക്കളായി 2979 പേർ ഉണ്ട്. 14323.94 ലക്ഷം രൂപ ഇതിലേയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

ജില്ല	2012 ഏപ്രിൽ മുതൽ 2013 മാർച്ച് വരെ			2012 ഏപ്രിൽ മുതൽ 2014 മാർച്ച് വരെ			2012 ഏപ്രിൽ മുതൽ 2015 മാർച്ച് വരെ			2012 ഏപ്രിൽ മുതൽ 2015 ഒക്ടോബർ വരെ (രൂപ ലക്ഷത്തിൽ)		
	സംരംഭങ്ങൾ	സംരംഭകർ	വായ്പ ലഭ്യമാക്കിയ തുക	സംരംഭങ്ങൾ	സംരംഭകർ	വായ്പ ലഭ്യമാക്കിയ തുക	സംരംഭങ്ങൾ	സംരംഭകർ	വായ്പ ലഭ്യമാക്കിയ തുക	സംരംഭങ്ങൾ	സംരംഭകർ	വായ്പ ലഭ്യമാക്കിയ തുക
തിരുവനന്തപുരം	21	47	222.88	100	242	1232.6	198	469	2066.84	217	503	2374.34
കൊല്ലം	8	13	61	13	23	121.1	29	51	289.35	47	82	543.99
പത്തനംതിട്ട	1	1	8.4	8	18	98.32	24	53	178.32	26	56	247.02
കോട്ടയം	11	35	153.05	32	83	364.73	61	151	714.18	79	190	975.90
ആലപ്പുഴ	9	15	66.8	18	35	161.9	40	74	295.10	64	117	488.38
എറണാകുളം	15	42	120.52	46	108	487.38	115	262	1254.74	163	360	1865.97
ഇടുക്കി	6	13	34.00	29	68	304.00	83	190	814.32	116	257	1149.72
തൃശ്ശൂർ	2	7	35.98	13	24	112.93	28	56	284.07	44	88	444.41
മലപ്പുറം	15	42	168.48	52	136	604.53	130	339	1522.70	167	417	1904.50
പാലക്കാട്	9	15	51.63	27	51	205.64	53	107	466.52	83	164	771.34
കോഴിക്കോട്	17	39	124.56	59	145	605.10	101	218	1078.82	118	254	1278.96
വയനാട്	7	21	90.00	20	55	220.00	54	131	602.00	74	176	847.00
കണ്ണൂർ	5	7	25.48	21	66	274.04	59	159	657.18	79	202	902.46
കാസർഗോഡ്	5	15	58.20	16	41	171.35	34	80	340.95	48	113	529.95
മൊത്തം	131	312	1220.98	454	1095	4963.62	1009	2340	10565.09	1325	2979	14323.94

LIBRARY ARCHIVES Kerala Legislative Assembly